ദൈവത്തിന്റെ ചുരുളുകൾ
DIVINE SCROLLS

A CHRISTIAN MAGAZINE FOR THE CHOSEN GENERATION



"പിതാവിന്റെ സന്നിധിയിൽ"
(തിരുവചന ചിന്തകൾ)

MARCH
2025

CONTENTS

- **തിരുവചന ചിന്തകൾ :**
  "പിതാവിന്റെ സന്നിധിയിൽ " Page - 03

- **ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ** Page - 17

പിതാവിന്റെ സന്നിധിയിൽ

(തിരുവചന ചിന്തകൾ)

സ്വന്ത പിതാവിന്റെ സ്നേഹത്തെ തിരിച്ചറിയാതെ വീട്ടിൽനിന്നും സമ്പത്തു 'പിടിച്ചുവാങ്ങി'ക്കൊണ്ട് ദൂരദേശത്തേക്കു പോവുകയും തനിക്കു പിതാവിൽനിന്നും ലഭിച്ച ധനമെല്ലാം അവിടെവച്ചു നശിപ്പിക്കുകയും തുടർന്നു ദരിദ്രനും അടിമതുല്യനും ആയിത്തീരുന്നു ഇളയ പുത്രൻറെ ജീവിതമാണ് ലൂക്കോസിന്റെ സുവിശേഷത്തിൽ (ലൂക്കോസ് 15:11-32) നാം വായിക്കുന്നത്.

തന്റെ പിതാവിന്റെ സ്നേഹത്തിന്റെ വിലയെ തള്ളിക്കളഞ്ഞുകൊണ്ടാണ് ആ മകൻ പിതാവിന്റെ ഭവനത്തിൽനിന്നും യാത്ര തുടങ്ങുന്നത്. യാത്രയുടെ തുടക്കം അല്പമല്ലാത്ത സന്തോഷം നിറഞ്ഞതായിരുന്നു. കാരണം അപ്പനെക്കാളും താൻ സ്നേഹിച്ച അപ്പന്റെ കൈവശമുള്ള ധനത്തെയും വാങ്ങിക്കൊണ്ടാണ് ആ യാത്ര തുടങ്ങുന്നത്.

അപ്പനെ മറന്നുകൊണ്ടുള്ള യാത്ര തുടരുന്നു. ശേഷം, അപ്പനെ മറന്നതിനാലും അപ്പന്റെ സാന്നിധ്യത്തിൽനിന്നു അകന്നതിനാലും എന്തും യഥേഷ്ടം ചെയ്യുവാനുള്ള സ്വാതന്ത്ര്യം ആ യാത്രയിലുടനീളം ആ മകൻ ആസ്വദിച്ചു. ആസ്വാദനത്തിന്റെ അളവുകൂടുകയും അപ്പനെക്കുറിച്ചുള്ള അറിവുകുറയുകയും ചെയ്തപ്പോൾ അവൻ തന്റെ പതനം കാണുവാൻപോലും കഴിയാത്തത്രവണ്ണം ഇരുട്ടിലായിക്കഴിഞ്ഞിരുന്നു. ആ ഇരുളിൽ സകലവും അവനു നഷ്ടപ്പെട്ടിരുന്നു. ദുർനടപ്പുകാരനായിജീവിച്ച ആ മകൻ ദുർനടപ്പിനെ പുണർന്നുകൊണ്ടു കാലംകഴിച്ചതിനാൽ ലഭിച്ചതൊക്കെയും നാനാവിധമാക്കിക്കളയേണ്ടിവന്നു.

പിന്നത്തെ ക്ഷാമം, എങ്ങനെയെങ്കിലും ജീവിച്ചാൽമതിയെന്നുള്ള അവസാന തീരുമാനത്തിലേക്കു അവനെ ആനയിച്ചിരുന്നു. വയലിലെ പന്നികളെ മേയ്ക്കുന്ന പണിയിൽ അവൻ എത്തുന്നു. അവിടെയും തന്റെ വിശപ്പടക്കുവാൻ പന്നികളുടെ ആഹാരത്തെ അവൻ കണ്ണുവച്ചുവെങ്കിലും അതുപോലും ലഭിക്കാതെ അവൻ വലയുകയും തളരുകയും ചെയ്തു.

എന്നാൽ, ആ തളർച്ചയിൽ അവൻ നഷ്ടപ്പെടുത്തിക്കളഞ്ഞ സകലത്തെയുംകുറിച്ചുള്ള ചിന്തയാൽ സുബോധത്തിലേക്കു വീഴപ്പെട്ടു. ഏറെക്കാലത്തിനുശേഷം അപ്പന്റെ ഓർമ്മ ഒരു പുതിയ പ്രത്യാശയെന്നോണം അവന്റെയുള്ളിൽ വരികയും അപ്പന്റെ സ്നേഹത്തിലേക്കു ചെല്ലുവാൻ തയ്യാറെടുക്കുകയും ചെയ്യുന്നു.

ഇതുവരെയുള്ള ഈ മകന്റെ ജീവിതത്തിന്റെ അവസ്ഥയെ നോക്കി നാം വിളിച്ചപേരാണ് മുടിയനായ പുത്രൻ എന്നത്. ദൈവത്തെ അനുഭവിക്കേണ്ടവണ്ണം അറിയാതെയിരിക്കുമ്പോൾ ഇതേ പേര് തന്നെയാണ് നമുക്കും ലഭിക്കുക. മുടിയനായ പുത്രൻ!

എന്നാൽ ഇതേ മുടിയനായ പുത്രൻ അപ്പന്റെ സ്നേഹത്തിലേക്ക് ഓടിയെത്തുമ്പോൾ നഷ്ടപ്പെട്ടുപോയ തന്റെ മകനെ നോക്കിക്കൊണ്ടു സ്നേഹത്താൽ നിറഞ്ഞ ഹൃദയവുമായി ഓടിയെത്തുന്ന ആ പിതാവ് ആ മകനെ കെട്ടിപ്പിടിക്കുകയും ചുംബിക്കുകയും ചെയ്തു. ആ പിതാവിന്റെ ആലിംഗനവും ചുംബനവും ജീവച്ഛവമായവനു ജീവൻനൽകി. കഴിഞ്ഞകാലത്തിന്റെ സകല വേദനകളും തന്റെ മകന്റെ ഹൃദയത്തിൽനിന്നും ഉരുകിപ്പോകുന്ന തീച്ചൂടുള്ള അനുഭവമായിരുന്നു ആ അപ്പൻ നൽകിയത്.

തന്റെ പാപത്തിന്റെ ഏറ്റുപറച്ചിലിലൂടെ പുതിയ വസ്ത്രം ലഭിക്കുന്നു, കൈക്കു മോതിരവും കാലിനു ചെരിപ്പും നൽകുന്നു. ഇതുവരെ താൻ നഷ്ടപ്പെടുത്തിയതെല്ലാം തിരികെ ലഭിക്കുന്ന നിമിഷമായിരുന്നു അത്. നാനാവിധമാക്കിക്കളഞ്ഞ സകലവും ഒരു നിമിഷത്തെ ഏറ്റുപറച്ചിലിലൂടെ തന്നിലേക്ക് വന്നത് ഒരു അത്ഭുതകാഴ്ചപോലെ ആ മകൻ നോക്കിനിന്നു. മുടിയനായ പുത്രൻ എന്ന തന്റെ പഴയ 'പദവി' താഴെവീണുടഞ്ഞുപോവുന്നത് ആ മകൻ സ്വന്തകണ്ണാൽ കാണുന്നു. മരിച്ചവന്റെ ഉയിർപ്പിനെ ആ പിതാവ് ആഘോഷിക്കുന്നു. ആനന്ദത്തോടെയുള്ള ആഘോഷം കഴിഞ്ഞ കാലത്തിലെ എല്ലാ ദുർഗന്ധത്തെയും മാറ്റിക്കളയുന്നതായിരുന്നു. തെറ്റുകൾ ഏറ്റുപറഞ്ഞുകൊണ്ടു താൻ ഇറങ്ങിപ്പോയ പിതാവിന്റെ ഭവനത്തിൽ പുതുമനുഷ്യനായി ആ മകൻ ഇപ്പോൾ നിൽക്കുന്നു.

ഇതേ അനുഭവം യേശുക്രിസ്തുവിലൂടെയുള്ള രക്ഷയിൽ ഭൂതലത്തിൽ സകലർക്കും ലഭിക്കുന്നു. സൗജന്യമായ ആ രക്ഷ, പാപത്തിൽനിന്നും വിടുതൽ മാത്രമല്ല, പിതാവാം ദൈവത്തിങ്കലേക്കുള്ള പ്രവേശനത്തിനും നമ്മെ യോഗ്യരാക്കിത്തീർക്കുന്നു. നഷ്ടപ്പെടുത്തിയെന്നു നാം ചിന്തിക്കുന്ന സകലവും ദൈവത്താൽ നമ്മിലേക്ക് നൽകപ്പെടുന്ന സ്വർഗ്ഗീയ അനുഭവം ഇവിടെ ലഭ്യമാകുന്നു.

ശ്രദ്ധിക്കുക, നാം കാണുന്ന പല ജീവിതങ്ങളും മേൽപ്പറഞ്ഞ അവസ്ഥയിൽ എത്തുന്നുണ്ടെങ്കിലും തുടർന്ന് എന്ത് ചെയ്യണമെന്ന് അറിവില്ലാതെ ഉഴലുന്നവരാണ്. അറിവില്ലായ്മ ഒരിക്കലും സ്വതവേ ഒരിടത്തും നിൽക്കാറില്ല, പാപത്തെയും ഒപ്പം പിടിച്ചുനിറുത്തുവാൻ അറിവില്ലായ്മ എപ്പോഴും ശ്രമിക്കും.

അടിച്ചുവൃത്തിയാക്കിയവന്റെ ജീവിതത്തിൽ യേശുക്രിസ്തു വിശ്വാസത്താൽ വസിച്ചില്ലെങ്കിൽ നമ്മുടെസ്വയം അവിടെ വീണ്ടും വസിക്കുകയും തന്നെക്കാൾ ദുഷ്ടതയേറിയ ഏഴാത്മാക്കളുമായി അശുദ്ധാത്മാവ് നമ്മെ അന്വേഷിച്ചെത്തുകയും ചെയ്യുമെന്ന് ഓർക്കുക.

മത്തായി 12: 43-45
43 അശുദ്ധാത്മാവു ഒരു മനുഷ്യനെ വിട്ടു പുറപ്പെട്ടശേഷം നീരില്ലാത്ത സ്ഥലങ്ങളിൽ കൂടി തണുപ്പു അന്വേഷിച്ചുകൊണ്ടു സഞ്ചരിക്കുന്നു; കണ്ടെത്തുന്നില്ലതാനും.
44 ഞാൻ പുറപ്പെട്ടുപോന്ന എന്റെ വീട്ടിലേക്കു മടങ്ങിച്ചെല്ലും എന്നു അവൻ പറയുന്നു; ഉടനെ വന്നു, അതു ഒഴിഞ്ഞതും അടിച്ചുവാരി അലങ്കരിച്ചതുമായി കാണുന്നു.
45 പിന്നെ അവൻ പുറപ്പെട്ടു, തന്നിലും ദുഷ്ടതയേറിയ വേറെ ഏഴു ആത്മാക്കളെ കൂട്ടിക്കൊണ്ടുവരുന്നു; അവരും അവിടെ കയറി പാർക്കുന്നു; ആ മനുഷ്യന്റെ പിന്നത്തെ സ്ഥിതി മുമ്പിലത്തേതിലും വല്ലാതെ ആകും; ഈ ദുഷ്ടതലമുറെക്കും അങ്ങനെ ഭവിക്കും.”

ഇളയവന്റെ പ്രശ്നം പ്രത്യക്ഷത്തിൽത്തന്നെ നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നതായിരുന്നുവെങ്കിൽ മൂത്തവന്റെ പ്രശ്നം അപ്രകാരമായിരുന്നില്ല. അത് അടക്കിപ്പിച്ചതും ഒതുക്കിവളർത്തിയതുമായിരുന്നു.

പിതാവിന്റെ അതേ വാസസ്ഥലത്തു, പിതാവിന്റെ സാന്നിധ്യത്തിൽ മറ്റാരും തിരിച്ചറിയാത്തവണ്ണമായിരുന്നു മൂത്തവന്റെ ഇടപെടലുകളും പെരുമാറ്റങ്ങളും. ഇളയവൻ സ്വത്തിനായി ചോദിക്കുകയും അത് തന്റെ ഇഷ്ടത്തിനൊത്തവണ്ണം പൂർണ്ണമായി വാങ്ങുകയും അവ ഒന്നുകുറയാതെ നശിപ്പിക്കുകയും ചെയ്തപ്പോൾ മൂത്തമകൻ ഇവ പ്രവൃത്തിയാൽ ചെയ്യാതെ ഹൃദയംകൊണ്ട് ചെയ്യുവാൻ ശക്തമായി ആഗ്രഹിച്ചുകൊണ്ടിരുന്നു. പാപം പ്രവൃത്തിയുടെ രൂപമായി എണ്ണപ്പെട്ടിരുന്നില്ലെങ്കിലും ഹൃദയത്തിൽ മോഹമായി വളർന്നുപന്തലിച്ചിരുന്നു. ഇളയവൻ പണത്തെയും സമ്പാദ്യത്തെയും പാപമാക്കിത്തീർത്തപ്പോൾ മൂത്തവനോ ഇതേ വസ്തുതകൾ എന്നെങ്കിലും തന്റെ കൈവശമാവുമെന്ന പാപ പ്രതീക്ഷയിൽ ഉറങ്ങുകയും ഉണരുകയും ചെയ്തുപോന്നു.

എന്നാൽ, ഇളയവൻ സന്തുഷ്ടപുത്രനായി പിതാവിന്റെ അടുത്തുനിൽക്കുമ്പോൾ തന്റെയുള്ളിലെ രോഷം കത്തിപ്പടരുന്നു. ഇളയവന്റെ പ്രവൃത്തികളെയത്രയും മൂത്തവൻ നൊടിയിടയ്ക്കുള്ളിൽ വിമർശിക്കുകയും വിധിക്കുകയും ചെയ്യുന്നു. പാപത്തിൽ മരിച്ചുകിടന്നവനെ പിതാവ് സ്നേഹത്താൽ ഉയർപ്പിച്ചതുകാണുവാൻ മൂത്തവന് മനസ്സുണ്ടായില്ല, കണ്ണും. നഷ്ടത്തിന്റെ കണക്കുകൾ എണ്ണിപ്പറയുമ്പോൾ ദേഷ്യവും രോഷവും ഒരുപോലെ പാപത്തിന്റെ മടിയിലേക്കിട്ടുകൊണ്ടു മൂത്തവൻ തന്നെത്തന്നെ അനാവൃതനാക്കി.

അപ്പോഴും മൂത്തവനെയും ഇളയവനെയും ഒരുപോലെ സ്നേഹിക്കുകയും മനസ്സിലാക്കുകയും ചെയ്ത ആ പിതാവ് ആശ്വാസത്തിന്റെയും ജീവന്റെയും വാക്കുകൾ മൂത്തവനോട് പറയുന്നു.

മാനസാന്തരത്തിനു മുൻപുള്ള നമ്മുടെ ജീവിതത്തിന്റെ നേർക്കാഴ്ചയാണ് മുടിയനായ പുത്രൻ എന്ന് നാം വിളിക്കുന്ന ഇളയ മകന്റെ ജീവിതം. എന്നാൽ പുറമെ നല്ലവൻ നടിക്കുകയും ഉള്ളിൽ പല്ലിറുമ്മുകയുംചെയ്യുന്ന മൂത്തമകനു സമനാണ് മനസാന്തരത്തിനുശേഷം നാം ഓരോരുത്തരും. വാസ്തവത്തിൽ ഈ രണ്ടു പേരും നമ്മിൽത്തന്നെ ഉള്ളവരാണ്. രണ്ടു കാലഘട്ടങ്ങളിൽ വ്യത്യസ്ത പ്രതികരണങ്ങളോടെ ജീവിക്കുന്നുവെന്നേ ഉള്ളൂ.

എന്നാൽ രണ്ടുമക്കളും സ്വർഗ്ഗീയ പിതാവിന്റെ സ്നേഹത്തെ തിരിച്ചറിയുന്ന നിമിഷം അവർ പിതാവാം ദൈവത്തെ തിരിച്ചറിയുന്നു.

നാം ഇപ്പോൾ ആരുടെ വേഷമാണ് ഈ ചിന്ത വായിക്കുമ്പോൾ ധരിച്ചിരിക്കുന്നത്. ഇളയവനായ വീട്ടിൽനിന്നും പുറത്തുപോവുകയും തിരികെ മടങ്ങിവരികയും നാം ചെയ്തുവെങ്കിലും നാം നമ്മുടെ പുണ്യപ്രവൃത്തികളെയും നന്മപ്രവൃത്തികളെയും മിനുക്കി പിതാവിന്റെ അടുത്തു നിന്നുകൊണ്ട് പാപത്തിൽനിന്നു മടങ്ങിവന്നുകൊണ്ടിരിക്കുന്നവനെ ദുഷിച്ചും വിധിച്ചും പരിഹസിച്ചും ജീവിക്കുന്നു.

റോമൻ 11:17-24
17 കൊമ്പുകളിൽ ചിലതു ഒടിച്ചിട്ടു കാട്ടൊലീവായ നിന്നെ അവയുടെ
ഇടയിൽ ഒട്ടിച്ചു ചേർത്തു ഒലീവുമരത്തിന്റെ ഫലപ്രദമായ വേരിന്നു
പങ്കാളിയായിത്തീർന്നു എങ്കിലോ,
18 കൊമ്പുകളുടെ നേരെ പ്രശംസിക്കരുതു; പ്രശംസിക്കുന്നുവെങ്കിൽ നീ
വേരിനെ അല്ല വേർ നിന്നെയത്രേ ചുമക്കുന്നു എന്നു ഓർക്ക.
19 എന്നാൽ എന്നെ ഒട്ടിക്കേണ്ടതിന്നു കൊമ്പുകളെ ഒടിച്ചു കളഞ്ഞു എന്നു
നീ പറയും.
20 ശരി; അവിശ്വാസത്താൽ അവ ഒടിഞ്ഞുപോയി; വിശ്വാസത്താൽ നീ
നില്ക്കുന്നു; ഞെളിയാതെ ഭയപ്പെടുക.
21 സ്വാഭാവികകൊമ്പുകളെ ദൈവം ആദരിക്കാതെ പോയെങ്കിൽ
നിന്നെയും ആദരിക്കാതെ വന്നേക്കും.
22 ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാൺക; വീണവരിൽ
ദൈവത്തിന്റെ ഖണ്ഡിതവും; നിന്നിലോ നീ ദയയിൽ നിലനിന്നാൽ ദയയും
തന്നേ; അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും.

DIVINE HOPE MISSIONARIES
BRISTOL

23 അവിശ്വാസത്തിൽ നിലനിൽക്കാഞ്ഞാൽ അവരെയും കൂടെ ഒട്ടിക്കും; അവരെ വീണ്ടും ഒട്ടിപ്പാൻ ദൈവം ശക്തനല്ലോ.
24 സ്വഭാവത്താൽ കാട്ടുമരമായതിൽനിന്നു നിന്നെ മുറിച്ചെടുത്തു സ്വഭാവത്തിന്നു വിരോധമായി നല്ല ഒലിവുമരത്തിൽ ഒട്ടിച്ചു എങ്കിൽ, സ്വാഭാവികകൊമ്പുകളായവരെ സ്വന്തമായ ഒലിവുമരത്തിൽ എത്ര അധികമായി ഒട്ടിക്കും.

ദൈവകൃപയിലാണ് നാം എന്നും ഇപ്പോഴും ആയിരിക്കുന്നത്. നമ്മുടെ പ്രാർത്ഥനയുടെ മികവിലാണ് നാം ഓടുന്നതെന്നു നമ്മിൽ ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അത് ഭോഷത്വം മാത്രമാണ്. ദൈവത്തിലുള്ള നമ്മുടെ വിശ്വാസവും നമ്മുടെ രക്ഷയും ശുശ്രൂഷയും ഇതുവരെ ലഭിച്ചതും ലഭിക്കാനുള്ളതും നിത്യതയും ദൈവത്തിന്റെ ധനമത്രേ ആകുന്നു. ഇതു നാം തിരിച്ചറിയാതെ പോവരുത്. നാം ലോകത്തെയോ മനുഷ്യരെയോ നിയന്ത്രിക്കുന്നവരല്ല. നമ്മെയും അവരെയും ഒരുപോലെ സ്നേഹിക്കുന്ന ദൈവത്തിന്റെ പദ്ധതികളിൽ വിശ്വാസമർപ്പിച്ചുകൊണ്ടു ദൈവമഹത്വത്തിനായി ജീവിക്കുകയും എല്ലായ്പ്പോഴും ക്രിസ്തുവിൽ സന്തോഷിക്കുകയും ചെയ്യുക.

വാക്കുകളിലെ എളിമയല്ല ദൈവീക ബന്ധത്തിൽ ഏലമയോടെ ചിന്തിക്കുവാനും പ്രാർത്ഥിക്കുവാനും ശുശ്രൂഷിക്കുവാനും നമുക്ക് കഴിയട്ടെ.

നമ്മുടേതായ സ്വയത്തിന്റെ പ്രമാണങ്ങൾ, അവയെ മനുഷ്യരിലേക്ക് അടിച്ചേല്പിക്കാതെയുള്ള സുവിശേഷീകരണം ഇന്ന് നമുക്കാവശ്യമാണ്. 'ആദ്യനൂറ്റാണ്ടിലെ അനുഭവം പോൽ...' എന്നൊക്കെ നാം വായ്കൊണ്ടു പാടുന്നുണ്ടെങ്കിലും ദൈവാത്മാവിനു ഇടംകൊടുക്കാതെ നാമെല്ലാവരും നമ്മുടെ സ്വയത്തിൽ ആശ്രയിച്ചു ഓടുന്നതുകൊണ്ടു ഇക്കാലഘട്ടത്തിലെ അതിശയം നടന്നീടുവാനായി ദൈവത്തിനു നമ്മെ ലഭിക്കുന്നില്ല എന്നതാണ് വാസ്തവം. ദൈവത്തെ സ്നേഹിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഭയത്തിൽ ജീവിക്കുന്നവരാണ് ഭൂരിഭാഗം വിശ്വാസികളും. നോക്കൂ, എത്രയോ വചനവിരുദ്ധമായാണ് നമ്മുടെ ദൈനംദിന ജീവിതം പോയിക്കൊണ്ടിരിക്കുന്നത്. അതേ, യേശുക്രിസ്തുവിൽ നമ്മുടെ വിശ്വാസം നമ്മിലെ മൂഢതകൾ മാറിപ്പോകുവാൻ കരണമായേതീരൂ.

നമ്മുടെയിഷ്ടങ്ങളിൽ വസിച്ചുകൊണ്ടു ദൈവായിഷ്ടം ചെയ്യുവാൻ ഒരുനാളും കഴിയുകയില്ല. അറിയാതെപോലും ദൈവായിഷ്ടത്തിൽ നാം വസിക്കണമെന്നു നമ്മിലെ ദൈവാത്മാവ് ഞരങ്ങി പ്രാർത്ഥിക്കുന്നുണ്ടാവാം!

പ്രാർത്ഥന ഒരു കഴിവിന്റെയോ മത്സരത്തിന്റെയോ ശക്തിപ്രകടനമല്ല. കുറഞ്ഞപക്ഷം യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന നാം ഇത് മനസ്സിലാക്കിയേ തീരു.
ഇന്ന് ഞാൻ ശ്വസിക്കുന്ന ശ്വാസം എന്റെ പ്രാർത്ഥനയുടെ മറുപടിയല്ല. എന്നാൽ അത് ദൈവത്തിന്റെ കൃപയാണ്.

ദൈവകൃപയെന്നാൽ, അർഹതയില്ലാത്ത അവസ്ഥയിൽ നമ്മിലേക്കു നൽകപ്പെടുന്ന ദൈവത്തിന്റെ സ്നേഹത്തിന്റെയും നന്മയുടെയും ദയയുടെയും കരുണയുടെയും അനുഗ്രഹങ്ങളാണ്. പ്രാർത്ഥനയെന്നതോ, ദൈവത്തോടുള്ള ബന്ധത്തിൽ നാം ദൈവത്തോട് നടത്തുന്ന സംഭാഷണങ്ങളും അവയിലൂടെ നമ്മിൽ ലഭിക്കുന്ന ഉറപ്പുകളുമാണ്.

പ്രാർത്ഥനയെയും അവയുടെ മറുപടികളെയും ദൈവകൃപയെയും അവയുടെ അനന്തസാധ്യതകകളേയും തിരിച്ചറിഞ്ഞുകൊണ്ടുള്ള ആത്മീയജീവിതം അർത്ഥപൂർണ്ണവും സ്വർഗ്ഗതുല്യവും ആയിരിക്കും. ഇവ രണ്ടും തിരിച്ചറിയതയുള്ള ജീവിതമോ മൂഢതയിൽ കുഴിക്കുന്ന കിണറിനോട് സദൃശ്യം.

പാപശരീരത്തിൽ ദൈവത്തിന്റെ ആത്മാവിനാൽ ദൈവകൃപയിൽ നിൽക്കുന്ന നാം എങ്ങനെ മറ്റുള്ളവരെ വിധിക്കുവാൻ പ്രാപ്തരായിത്തീരും ? എപ്പോഴൊക്കെ നാം മറ്റുള്ളവരെ വിധിക്കുന്നുവോ അപ്പോഴെല്ലാം ഓർക്കുക, അവയൊന്നും അബദ്ധചിന്തയോ കേവലമൊരു വായ്പോരുകളോ അല്ല. പ്രത്യുത, നമ്മുടേതായ സ്വയനീതിയുടെ പ്രകടനങ്ങളാണവ. ദൈവത്തിന്റെ നീതിയ്ക്കു കീഴ്പ്പെടുവാൻ നമ്മിലെ നീതിക്കു കഴിയുന്നില്ലായെങ്കിൽ ദൈവാത്മാവിനു കീഴ്പ്പെടുവാനും നമുക്കു കഴിയുകയില്ല.

ഇളയവനെ നാം ഒരുപാട് തവണ കേട്ടുകഴിഞ്ഞു. ഇളയവനെ കേൾക്കുംതോറും മുടിയനായ / ധൂർത്ത പുത്രൻ എന്ന പേര് നാം അനേകവർത്തി ചാർത്തിയും കഴിഞ്ഞു. ഇനി മൂത്തവനെ കേൾക്കേണ്ടുന്ന കാലമാണ്. ഇളയവന് താൻ ചെയ്ത പാപപ്രവൃത്തികളെ ന്യായീകരിക്കുന്ന മനസ്സുണ്ടായിരുന്നില്ല. പകരം, ഏറ്റുപറഞ്ഞുകൊണ്ടു പാപത്തെ ഉപേക്ഷിക്കുകയും അപ്പന്റെ സ്നേഹത്തെ ഉൾകൊള്ളുകയുമായിരുന്നു അവൻ ചെയ്തത്. മൂത്തവൻ, സകലത്തെയും ന്യായീകരിച്ചുകൊണ്ടാണ് അപ്പന്റെ അടുക്കലേക്കു കയറിവരുന്നത്. മൂത്തവന്റെ ന്യായീകരണം ഇളയവനോടുള്ള അപ്പന്റെ സ്നേഹത്തെപ്പോലും ചോദ്യം ചെയ്യുന്നതാണെന്ന് ഓർക്കുക.

പാപത്തെ പാപമായി അംഗീകരിച്ചുകൊണ്ട് ദൈവസന്നിധിയിൽ താഴുവാൻ നാം ഒരുക്കപ്പെടുക. മനുഷ്യനെ വിധിക്കുംതോറും നമ്മുടെ സ്വർഗ്ഗീയ പിതാവാം ദൈവത്തിന്റെ സ്നേഹത്തേയും കരുണയെയും നാം മറിച്ചുകളയുകയാണെന്നു തിരിച്ചറിയുക. ഇളയവൻ പിതാവിന്റെ ഭവനത്തിൽനിന്നും ഇറങ്ങിപ്പോവുമ്പോഴും അവിടെ കാത്തുനിൽക്കുന്ന പിതാവിനോട് ചേർന്നു ഇളവയനായി കാത്തുനിൽക്കുവാൻ നാമും തയ്യാറാവുക. നന്മ-തിന്മയുടെ കണക്കുകളും ജയ-പരാജയങ്ങളുടെ പട്ടികയും ദൈവത്തിനു വിട്ടുകൊടുക്കുക. പിതാവിന്റെ ഹൃദയത്തെ മൂത്തമകൻ തിരിച്ചറിഞ്ഞിരുന്നുവെങ്കിൽ ഇളയവനായി തിരച്ചിൽ നടത്തുമായിരുന്നുവെന്നു ഞാൻ ചിന്തിക്കുന്നു അപ്രകാരമൊരു തിരച്ചിലിനായി മൂത്തവൻ തയ്യാറെടുത്താൽ പന്നിക്കൂട്ടങ്ങൾക്കിടയിലെ ഇളയവന്റെ വാസത്തെ ചുരുക്കമാക്കുവാൻ അതുപകരിക്കും.

നമുക്കു പ്രാർത്ഥിക്കാം. സ്നേഹവാനായ ഞങ്ങളുടെ നല്ല പിതാവേ, ഞങ്ങൾ ഒരുനാൾ മരിച്ചവരായിരുന്നു. എന്നാൽ അങ്ങ് ഞങ്ങളുടെ അങ്ങുടെ പുത്രനായ യേശുക്രിസ്തുമൂലം ജീവിപ്പിച്ചു. എന്നാൽ, മൂത്തപുത്രനെപ്പോലെ ഞങ്ങൾ ഇന്നും സ്വയമായി നീതികരിച്ചും ന്യായീകരിച്ചും ആയിരിക്കുന്നു. തുറന്ന ഹൃദയത്തോടും മനസ്സൊരുക്കത്തോടും എല്ലായ്പോഴും അങ്ങയുടെ സന്നിധിയിൽ ജീവിക്കുവാനും അങ്ങയിൽ സന്തോഷിക്കുവാനും നഷ്ടപെട്ടുപോവുന്നവരോട് അങ്ങയുടെ സ്നേഹത്തെ പ്രദർശിപ്പിക്കാനും ഞങ്ങളുടെ ഈ എളിയ ജീവിതത്തെ സഹായിക്കേണമേ. അങ്ങേപ്പിരിഞ്ഞു

DIVINE HOPE MISSIONARIES
BRISTOL

ഒന്നും ഭാവിക്കുവാനോ ചെയ്യുവാനോ ഞങ്ങൾക്ക് കഴിയുകയില്ല. ഞങ്ങൾ അങ്ങയിൽ ആശ്രയിക്കുന്നു. ഞങ്ങളെ സഹായിക്കേണമേ. യേശുക്രിസ്തുവിൽ നാമത്തിൽ അപേക്ഷിക്കുന്നു നല്ല പിതാവേ.
ആമേൻ !

ഈ ചിന്തകളാൽ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ.
God bless you all.

-ജിബി തോമസ്

ജീവിതങ്ങളിലൂടെ വാക്കുകളിലൂടെ

തുറന്ന ബൈബിൾ തുറക്കപ്പെട്ട ഹൃദയത്തെ ദൈവത്തിനു സമ്മാനിക്കുവാൻ നമ്മെ സഹായിക്കും.

An open Bible helps us offer an open heart to God.

- Divine Hope Missionaries (Bristol, UK)

DIVINE HOPE MISSIONARIES
BRISTOL

Listen to our Malayalam Audio Bible

://www.youtube.com/@jibymonkombil

മലയാളം ഓഡിയോ ബൈബിളിനായി മുകളിലുള്ള ലിങ്ക് തുറക്കുക, അല്ലെങ്കിൽ QR code സ്കാൻ ചെയ്യുക

Any Feedback / Queries :

Jiby Thomas +447823850578
jibymonkombil@gmail.com

DIVINE HOPE MISSIONARIES
BRISTOL